**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ്- കാസറഗോഡ് ജില്ല – മഞ്ചേശ്വരം താലൂക്കിൽ പൈവളിക ഗ്രാമപഞ്ചായത്തിൽ കുതിരപ്പാറ എന്ന സ്ഥലത്ത് ക്രഷർ യൂണിറ്റ് ആരംഭിക്കുന്നതിന് ലേ ഔട്ട് അപ്രൂവൽ നൽകുന്നതിന് നിലവിലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഇളവ് അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർബി) വകുപ്പ്**

**സ.ഉ.(എം.എസ്)നം.66/2019/തസ്വഭവ തിരുവനന്തപുരം, തീയതി 17/06/2019**

---

പരാമർശം:-
1) വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടറുടെ 01.11.2017 ലെ TC/T5/7363/17 നമ്പർ കത്ത്.
2) ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 21.11.2017 ൽ നടന്ന Kerala State Single Window Clearance Board ന്റെ 19-ാം മത് മീറ്റിംഗിന്റെ മിനിറ്റ്സ്
3) കെ.എസ്.ഐ.ഡി.സി. മാനേജിംഗ് ഡയറക്ടറുടെ 23.8.2018 ലെ KSIDC/TVM/IP-98/2018/1578 നമ്പർ കത്ത്.
4) ചീഫ് ടൗൺ പ്ലാനറുടെ 26.09.2018 ലെ ഡി1- 12839/2017 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കാസറഗോഡ് ജില്ലയിലെ മഞ്ചേശ്വരം താലൂക്കിൽ പൈവളിക ഗ്രാമപഞ്ചായത്തിൽ കുതിരപ്പാറയിലെ 4 ഏക്കർ വിസ്തൃതിയുള്ള സ്ഥലത്ത് ക്രഷർ യൂണിറ്റ് ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് ലേ ഔട്ട് അപ്രൂവലിനായി M/s. തുളുനാട് ഇൻഡസ്ട്രീസ് സമർപ്പിച്ച അപേക്ഷ ഫയർ & റെസ്ക്യൂ , പൊല്യൂഷൻ കൺട്രോൾ ബോർഡ്, ജില്ലാ മെഡിക്കൽ ഓഫീസർ എന്നിവരുടെ ക്ലിയറൻസ് ലഭ്യമായിരുന്നെങ്കിലും യൂണിറ്റിലേക്കുള്ള റോഡിന് 7 മീറ്റർ വീതി ആവശ്യമാണെന്നിരിക്കെ നിലവിൽ 5.5 മീറ്റർ വീതി മാത്രമേ ലഭ്യമാകുന്നുള്ളൂ എന്ന കാരണത്താൽ ജില്ലാ ടൗൺ പ്ലാനർ നിരസിക്കുകയുണ്ടായി. തുടർന്ന് അപേക്ഷകൻ ജില്ലാ തല ഏക ജാലക ക്ലിയറൻസ് ബോർഡ് മുൻപാകെ അപേക്ഷ സമർപ്പിച്ചെങ്കിലും ആയതും ഇക്കാരണത്താൽ നിരസിക്കുകയുണ്ടായി. ഈ തീരുമാനത്തിനെതിരെ അപേക്ഷകൻ സംസ്ഥാന ഏക ജാലക ക്ലിയറൻസ് ബോർഡ് മുൻപാകെ അപ്പീൽ അപേക്ഷ സമർപ്പിക്കുകയും എന്നാൽ കാലതാമസമുണ്ടായി എന്ന കാരണത്താൽ ആയത് നിരസിക്കുകയും ചെയ്തു. ഈ പ്രോജക്ട് സംസ്ഥാന ഏക ജാലക ക്ലിയറൻസ് ബോർഡിന്റെ 19, 20, 21-ാമത് മീറ്റിങ്ങുകളിൽ പരിഗണിക്കുകയുണ്ടായി. ആയതിൽ ക്രഷർ യൂണിറ്റിലേക്കുള്ള റോഡിന്റെ വീതി ആവശ്യമായ 7 മീറ്ററിൽ കുറവാണെന്ന് ചീഫ് ടൗൺ പ്ലാനർ അറിയിക്കുകയുണ്ടായി. പ്രസ്തുത മീറ്റിംഗിൽ സംസ്ഥാന ഏക ജാലക ക്ലിയറൻസ് ബോർഡ് ചീഫ് ടൗൺ പ്ലാനറോട് വഴിയുടെ വീതി സംബന്ധിച്ച് വിശദമായ സ്കെച്ചും വിശദമായ റിപ്പോർട്ടും KSIDC യ്ക്ക് സമർപ്പിക്കുന്നതിന് നിർദ്ദേശിക്കുകയും, ആയതിൽ ചീഫ് ടൗൺ പ്ലാനർ സമർപ്പിച്ച റിപ്പോർട്ട് സംസ്ഥാന ഏക ജാലക ക്ലിയറൻസ് ബോർഡിന്റെ 21-ാമത് മീറ്റിംഗിൽ പുന:പരിശോധിച്ചതിൽ നിലവിലെ പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഇളവ് അനുവദിച്ചാൽ മാത്രമേ ക്രഷർ യൂണിറ്റിന് ലേ ഔട്ട് അപ്രൂവൽ നൽകുവാൻ കഴിയുകയുള്ളൂ എന്ന് കണ്ടെത്തുകയുമുണ്ടായി. ആയതിനാൽ നിലവിലെ ചട്ടങ്ങളിൽ ഇളവ് നൽകുന്നതിന് പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമാകുകയുണ്ടായി.

2) ഇത് സംബന്ധിച്ച് ചീഫ് ടൗൺ പ്ലാനർ പരാമർശം (4) പ്രകാരം താഴെ പറയുന്ന വിശദാംശങ്ങൾ അറിയിച്ചിട്ടുണ്ട്.

"നിർമ്മാണ സ്ഥലത്തു നിന്നും കുരുടപ്പടവ് ജംഗ്ഷൻ വരെയുള്ള 985 മീറ്റർ റോഡിൽ 4 സ്ട്രെച്ചുകളിലായി 190 മീറ്റർ നീളത്തിൽ മാത്രമേ 7 മീറ്ററിൽ കുറവ് വീതിയുള്ളൂ. ആയത് മൊത്തം നീളത്തിന്റെ 19.29% ആണ്. കൂടാതെ കുരുടപ്പടവ് ജംഗ്ഷനിൽ ലാൽബാഗ് എന്ന സ്ഥലം വരെയുള്ള 8 കി.മീറ്റർ പഞ്ചായത്ത് റോഡിൽ, ചിപ്പാർ പാലത്തിന് 3.8 മീറ്റർ വീതിയും അതിനോടുചേർന്ന് 70 മീറ്റർ നീളത്തിൽ റോഡിന്റെ വീതി 7 മീറ്റർ കുറവാണെങ്കിലും (0.875%) ബാക്കി 7.93 കി.മീറ്റർ നീളത്തിൽ റോഡിന് വീതി 7 മീറ്ററിൽ കൂടുതലുമുണ്ട്. കെ.പി.ബി.ആർ. ചട്ടപ്രകാരമുള്ള 7 മീറ്റർ വഴി പൂർണ്ണമായും ലഭ്യമല്ലാത്തതിനാൽ ചട്ടത്തിൽ നിന്ന് ഇളവുനൽകിയാൽ മാത്രമേ ലേ ഔട്ട് അംഗീകാരം നൽകാനാകൂ".

3) കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011 ചട്ടം 61(4) ൽ അപായ സാദ്ധ്യത കൈവശഗണത്തിൻ കീഴിലുള്ള ഒരു കെട്ടിടത്തിലേയ്ക്കുള്ള പ്രവേശന വീതിയും അതു പോലെ പ്രധാന തെരുവിൽ നിന്നും പ്ലോട്ടിലേയ്ക്ക് പ്രവേശിക്കുവാനുള്ള വഴിയുടെ വീതി എന്നിവ ഏറ്റവും ചുരുങ്ങിയത് 7 മീറ്റർ ആയിരിക്കേണ്ടതും വാഹന ഗതാഗത യോഗ്യമായിരിക്കേണ്ടതുമാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കാസറഗോഡ് ജില്ലയിൽ മഞ്ചേശ്വരം താലൂക്കിൽ പൈവളിക ഗ്രാമപഞ്ചായത്തിൽ കുതിരപ്പാറയിൽ ക്രഷർ യൂണിറ്റ് ആരംഭിക്കുന്നതിന് M/s തുളുനാട് ഇൻഡസ്ട്രീസ് സമർപ്പിച്ച അപേക്ഷ പ്രകാരം പ്രസ്തുത യൂണിറ്റിന് നിർമ്മാണ സ്ഥലത്ത് നിന്നും കുരുടപ്പടവ് ജംഗ്ഷൻ വരെയുള്ള 985 മീറ്ററിൽ 190 മീറ്റർ നീളത്തിലും (19.29 %), ലാൽബാഗ് വരെയുള്ള 8 കി.മീ. പഞ്ചായത്ത് റോഡിൽ ചിപ്പാർ പാലവും അതിനോട് ചേർന്നുള്ള 70 മീറ്റർ സ്ഥലത്തും (0.875%) 7 മീറ്ററിൽ കുറവ് വീതിയാണ് ലഭ്യമായിട്ടുള്ളതെങ്കിലും അപായ സാധ്യതാ ഗണത്തിൽപ്പെടുന്ന പ്രസ്തുത കെട്ടിടത്തിലേയ്ക്കുള്ള റോഡിന് ബാക്കി ഭാഗത്ത് 7 മീറ്ററിൽ കൂടുതൽ വീതി ലഭ്യമാണെന്നത് പരിഗണിച്ച് കേരള പഞ്ചായത്ത് ബിൽഡിംഗ് റൂൾ 61(4) പ്രകാരം ആവശ്യമായ 7 മീറ്റർ വീതി എന്നതിൽ ഇളവനുവദിച്ച് ലേ ഔട്ട് അപ്രൂവൽ നൽകുന്നതിന് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**കെ.ഗോപാലകൃഷ്ണ ഭട്ട്**
**ഗവൺമെന്റ് സെക്രട്ടറി**

1) ശ്രീ.സജി സെബാസ്റ്റ്യൻ, തുളുനാട് ഇൻഡസ്ട്രീസ്, KMC IV-237, മുൻസിപ്പൽ ഷോപ്പിംഗ് കോംപ്ലക്സ് , കാസറഗോഡ്.
2) ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം
3) ജില്ലാ ടൗൺ പ്ലാനർ, കാസറഗോഡ്
4) വ്യവസായ വകുപ്പ് (IND-B3/379/2017-IND ഫയൽ പ്രകാരം)
5) പൊതുഭരണ (എസ്.സി) വകുപ്പ് (12.06.2019 ലെ ഇനം നമ്പർ 3078 പ്രകാരം)
6) എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം. (ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
7) കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ